(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിന്റെ പ്രവർത്തനത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) ഉണ്ട്.

(ബി) ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിലെ സംസ്കാരവും തനത് കലാരൂപങ്ങളും നമ്മുടെ നാടിനെ പരിചയപ്പെടുത്തുകവഴി ദേശീയോദ്ഗ്രഥനം ഊട്ടിയുറപ്പിക്കുക എന്നതാണ് ജാഗരൺ ഭാരതിന്റെ ഉദ്ദേശ്യലക്ഷ്യം. വിവിധ ഭാഷകളുടെയും വേഷ വിധാനങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും സംസ്കാരങ്ങളുടെയും ഒത്തുചേരൽ ജാഗരൺ ഭാരത്വഴി സാധ്യമാകുന്നു.

(സി) ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിലെ തനത് കലാരൂപങ്ങൾ അവതരിപ്പിക്കുന്ന കലാകാരൻമാരാണ് ക്യാമ്പിൽ പങ്കെടുക്കാറുള്ളത്. ക്യാമ്പിന്റെ ഭാഗമായി ദേശീയോദ്ഗ്രഥന സെമിനാറുകൾ, വിവിധ ക്ലാസ്സുകൾ, ഇന്റഗ്രേഷൻ വോക്ക്, കലാപരിപാടികൾ, കേരളത്തിലെ ചരിത്രപ്രസിദ്ധ സ്ഥലങ്ങളും വിനോദ സഞ്ചാര കേന്ദ്രങ്ങളും സന്ദർശനം തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നു.

കോടതിവിധികൾ മലയാളത്തിലാക്കുന്നതിന് പദ്ധതി

10 (*640) ശ്രീ. എം. എ. വാഹീദ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സുപ്രധാന കോടതി വിധികൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്യുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) വളരെ പ്രധാനപ്പെട്ടതും കാലികമായതുമായ സുപ്രീം കോടതി വിധിന്യായങ്ങളും കേരള ഹൈക്കോടതി വിധിന്യായങ്ങളും മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ 2-3-2012-ലെ സ.ഉ. (കയ്യെഴുത്ത്) നമ്പർ 78/2012/നിയമം ഉത്തരവ് മുഖേന നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ് രൂപീകരിച്ചിട്ടുണ്ട്.

(ബി) ഭരണത്തിന്റെ എല്ലാ തലങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയായിരിക്കണം എന്ന സർക്കാരിന്റെ പ്രഖ്യാപിതനയം നടപ്പിലാക്കുക, കോടതി ഭാഷ മലയാളമാക്കുന്നതിനു വേണ്ട പ്രാരംഭ നടപടികൾ സ്വീകരിക്കുക എന്നീ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ് വളരെ പ്രധാനപ്പെട്ടതും കാലികമായതുമായ സുപ്രീം കോടതി വിധിന്യായങ്ങളും കേരള ഹൈക്കോടതി വിധിന്യായങ്ങളും മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തി ആയത് ഉൾപ്പെടുത്തിക്കൊണ്ട് 'നിയമധ്വനി ' എന്ന പേരിൽ ഒരു മലയാളം ജേർണൽ പ്രസിദ്ധീകരിച്ചുവരുന്നു. നിയമധ്വനിയുടെ നാല് പുസ്തകങ്ങളിലായി ഇതുവരെ 19 സുപ്രീംകോടതി വിധിന്യായങ്ങളും 29 കേരള ഹൈക്കോടതി വിധിന്യായങ്ങളും മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. നിയമധ്വനിയുടെ ഇതുവരെ പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങൾ നിയമ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ http://www. Keralalawsect.org-ൽ ലഭ്യമാക്കിയിട്ടുള്ളതുമാണ്. നിയമധ്വനിയുടെ അഞ്ചാം പുസ്തകം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നുവരുന്നു.

ജിഗാബൈറ്റ് 17 മിഷൻ കണക്ടിവിറ്റി

11 (*641) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ ഗ്രാമപഞ്ചായത്തിലും ജിഗാബൈറ്റ് 17 മിഷൻ കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്നു വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly